പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4606 — 26.06.2014-ലെ മറുപടിക്ക്

## എറണാകുളം ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഒഴിവുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഹൈബി ഈഡൻ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). എറണാകുളം ജില്ലയിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ.ഡി. ക്ലാർക്കുമാരുടെയും എൽ.ഡി.ടൈപ്പിസ്റ്റുമാരുടെയും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (എ). & (ബി). | അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ഈ വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് മിനിസ്റ്റീരിയൽ ജീവനക്കാരെ പുനർവിന്യസിക്കുന്നതുമായി ബന്ധപ്പെട്ട ഒ.എ.നം. 2269/12-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.06.13-ലെ ഉത്തരവ് പ്രകാരം ഈ വകുപ്പിൽ തുടരാനാഗ്രഹിക്കുന്ന ക്ലാർക്കുമാരെയും ടൈപ്പിസ്റ്റുമാരെയും നിലനിർത്തിയ ശേഷം ഉണ്ടാകുന്ന ഒഴിവുകൾ മാത്രമേ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാനാകൂ എന്നതിനാൽ ഈ പ്രക്രിയ പൂർത്തിയായ ശേഷമുള്ള ഒഴിവുകൾ മാത്രമേ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയുള്ളൂ. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട പല ക്ലാർക്കുമാരും, ടൈപ്പിസ്റ്റുമാരും, ഓഫീസ് അറ്റൻഡന്റുമാരും പൊതുമരാമത്ത് വകുപ്പിൽ തിരികെ വരുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും ഉത്തരവ് സമ്പാദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ ഇവരുടെയെല്ലാം നിയമനം ക്രമപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായശേഷം മാത്രമേ ക്ലാർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാനാകുകയുള്ളൂ. |
| (ബി). നിലവിൽ ഏതെങ്കിലും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുണ്ടോയെന്ന് വ്യക്തമാക്കുമോ ; | | |

(സി). 2014 ആഗസ്റ്റ് 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ടെന്നും ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ?

(സി). 'എ' 'ബി'പിരിവുകളിൽ വിവരിച്ച സാഹചര്യം നിലനിൽക്കുന്നതിനാൽ ക്ലാർക്ക് തസ്തികയിൽ 2014 ആഗസ്റ്റ് 31 വരെ ഉണ്ടാകാനിടയുള്ള ഒഴിവുകൾ തിട്ടപ്പെടുത്തിയിട്ടില്ല. ടൈപ്പിസ്റ്റ് തസ്തികയിൽ, 2014 ആഗസ്റ്റ് 31 വരെ വിരമിക്കൽ ഒഴിവുകൾ ഒന്നും തന്നെ ഉണ്ടാകുന്നില്ല. എറണാകുളം ജില്ലയിൽ ടി കാലയളവിൽ ലാസ്റ്റ്ഗ്രേഡ് സർവന്റ്സ് വിഭാഗത്തിൽ പ്രതീക്ഷിത ഒഴിവുകൾ ഇല്ല.

സെക്ഷൻ ഓഫീസർ